**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3886 21.06.2019-ലെ മറുപടിയ്ക്ക്

**കായികതാരങ്ങൾക്ക് സ്കൂൾ, കോളേജ് കാലഘട്ടം കഴിഞ്ഞാൽ തുടർപരിശീലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി<br>ഡോ.എം. കെ. മുനീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>,, പി.കെ.അബ്ദു റബ്ബ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്കൂൾ, കോളേജ് ദേശീയ കായികമേളകളിൽ മെഡലുകൾ നേടുന്ന കായികതാരങ്ങൾക്ക് സ്കൂൾ, കോളേജ് കാലഘട്ടം കഴിഞ്ഞാൽ തുടർപരിശീലനം നടത്തുന്നതിനും മികച്ച അത്‌ലറ്റുകളായി മാറ്റുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കി നൽകിയിട്ടുള്ളത്; | (എ) | സ്കൂൾ കാലഘട്ടം കഴിയുന്ന കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടത്തുന്ന കോളേജ് സ്പോർട്സ് ഹോസ്റ്റൽ സെലക്ഷനിൽ പങ്കെടുത്ത് യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കോളേജ്/ജില്ലാ സ്പോർട്സ് അക്കാഡമികളിൽ പ്രവേശനം നേടുകയും മികച്ച പരിശീലകരുടെ കീഴിൽ പരിശീലനം നേടാവുന്നതാണ്.<br>ബിരുദത്തിന് ശേഷം ദേശീയ മത്സരങ്ങളിൽ പ്രാഗത്ഭ്യം നേടിയ കായിക താരങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.ജിയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് അക്കാഡമികളിൽ പ്രവേശനം നൽകുന്നു.<br>ഇതു കൂടാതെ ദേശീയ അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള എലൈറ്റ് സ്പോർട്സ് അക്കാഡമികളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശനം നേടി മികച്ച പരിശീലകരുടെ കീഴിൽ പരിശീലനം നേടാവുന്നതാണ്. കോളേജ് കാലഘട്ടം കഴിഞ്ഞ് അന്തർദേശീയ മത്സരത്തിൽ പോകുന്ന കായിക താരങ്ങൾക്ക് ബന്ധപ്പെട്ട അസോസിയേഷൻ വഴി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത അന്തർദേശീയ |

| | | | |
|---|---|---|---|
| | | | മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ആകെ ചെലവിന്റെ 50% സാമ്പത്തിക സഹായവും, കിറ്റ് അലവൻസും സ്പോർട്സ് കൗൺസിലിൽ നിന്നും നൽകി വരുന്നു. |
| (ബി) | സ്കൂൾ, കോളേജ് തലങ്ങളിൽ ദേശീയ അന്തർദേശീയ അംഗീകാരം നേടിയ കായികതാരങ്ങൾ ജീവിത പ്രാരാബ്ധങ്ങൾ കാരണം പലപ്പോഴും കായിക രംഗം തന്നെ ഉപേക്ഷിച്ച് പോകുന്ന തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും, മികച്ച പരിശീലനം നൽകുന്നതിനും വിവിധ പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മികച്ച കായിക താരങ്ങളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത്തരം കായിക താരങ്ങളെ കായികരംഗത്ത് നിലനിർത്തുന്നതിനും സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന മികച്ച അത്ലറ്റുകളായി മാറ്റിയെടുക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | | |

സെക്ഷൻ ഓഫീസർ